ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി.തോമസ്): സർ, കടലിൽ മത്സ്യ ബന്ധനം നടത്തുന്നവർക്ക് കാലവർഷം ആരംഭിച്ചതോടെ അപകടം സംഭവിക്കുന്നതു മുൻകാലത്തെ അപേക്ഷിച്ച് വളരെ വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് ഫിഷറീസ് വകുപ്പ്, നേവി, തീരദേശ സംരക്ഷണ സേന എന്നിവയുടെ സഹായത്തോടുകൂടി രക്ഷാപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ നടപ്പുവർഷം 76 രക്ഷാപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. 204 പേരുടെ ജീവൻ സംരക്ഷിക്കാനും കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു അടിയന്തിരമായി നടപടികൾ എടുക്കുന്നതാണ്.

(34) മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ തുറക്കുന്നതു സംബന്ധിച്ച്

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ സ്വയം തൊഴിൽ ചെയ്യാൻ തയ്യാറുള്ള യുവാക്കളിൽ നിന്നും 25,000 രൂപ വീതം ഷെയർ പിരിച്ച് "മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ" എന്നു പറയുന്ന ഒരു സ്ഥാപനം സ്ഥാപിച്ച് 80,000 സ്ക്വയർ ഫീറ്റ് കെട്ടിടം പണിത്, മെഷീനുവേണ്ടി അഡ്വാൻസ് കൊടുത്തു, സർക്കാർ ഏതാണ്ട് മൂന്നേമുക്കാൽ കോടി രൂപ മുതൽ മുടക്കി, 300 പേർക്ക് ട്രെയിനിംഗ് കൊടുത്തു, കമ്പനി ഇപ്പോൾ തുറക്കും എന്ന് പറഞ്ഞ് കാത്തിരിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഇതു തുറന്നു പ്രവർത്തിപ്പിക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കണം. നിരാശരായ ചെറുപ്പക്കാർ ഈ സെക്രട്ടേറിയറ്റിന്റെ പടിക്കൽ സമരവുമായി വരാനുള്ള അവസരം ഉണ്ടാക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സെക്രട്ടേറിയറ്റിന്റെ പടിക്കലുള്ള സമരം പുതുമയുള്ളതല്ലല്ലോ. അത് എന്നും നടക്കുന്ന ഒരു പ്രതിഭാസമാണല്ലോ. സർക്കാർ ഒരുപാട് പണം ചെലവഴിക്കേണ്ട അവസ്ഥയാണ് മാളയിലും പാലായിലും ഉള്ളത്.അതുപോലെതന്നെ ഇങ്ങനെ കുറച്ചുകേസുകളുമുണ്ട്. ഇതൊന്നു നടത്തി എടുക്കാൻ വേണ്ടി ശ്രമിക്കുന്നുണ്ട്. പണമാണ് പ്രശ്നം. പൊതു മേഖലയിൽ തുടങ്ങാൻ സാധ്യമല്ലല്ലോ. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്നു നോക്കാം. ഒരു കമ്മിറ്റ്മെന്റ് ഗവൺമെന്റിനുണ്ട്. പണം സമാഹരിച്ചിട്ടുണ്ട്; സ്ഥലമൊക്കെ വാങ്ങിയ കേസ്സുകളാണ്.

(35) കണ്ണൂർ ജില്ലയിൽ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിലേക്ക് കരാർ നിയമനം നടത്തുന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. മോഹനൻ: സർ, റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ കരാർ നിയമനം പാടില്ല എന്ന വ്യവസ്ഥയും മുഖ്യമന്ത്രിയുടെ ഉത്തരവും അവഗണിച്ചുകൊണ്ട് കണ്ണൂർ ജില്ലയിൽ ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിലുള്ള റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അനധികൃതമായി നിയമനം നടത്തുന്നുണ്ട്. ഇത് ഇല്ലാതാക്കിക്കൊണ്ട് ഈ റാങ്കുലിസ്റ്റിൽ ഉള്ളവരെ ഫാർമസിസ്റ്റ് തസ്തികയിൽ നിയമിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

LIBRARY ARCHIVES Kerala Legislative Assembly